## പാഠം 31

# പ്രാർഥനയ്ക്കു മറുപടി നൽകുന്ന ദൈവം

**വേദഭാഗം** : 1 ശമു. 1–3

**തങ്കവാക്യം** : സങ്കീ. 116:1

*യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു.*

യിസ്രായേലിൽ ന്യായാധിപന്മാരുടെ കാലത്ത് എഫ്രയിം മലനാട്ടിൽ രാമാഥയിം സോഫിമിൽ എൽക്കാന എന്ന ഒരു കൃഷിക്കാരനും അവന്റെ ഭാര്യ ഹന്നായും ജീവിച്ചിരുന്നു. ആ വീട്ടിൽ പെനീനാ എന്ന പേരുള്ള ഒരു ദാസി കൂടി ഉണ്ടായിരുന്നു. അവൾക്ക് മക്കൾ ഉണ്ടായിരുന്നതു കൊണ്ട് അവൾ ഹന്നാ യെ നിന്ദിക്കുകയും സങ്കടപ്പെടുത്തുകയും ചെയ്യുമായിരുന്നു. എൽക്കാന ഹന്നായെ സ്നേഹിക്കയും ആശ്വസിപ്പിക്കാൻ ശ്രമിക്കയും ചെയ്തിരുന്നു. അവൻ അവളോട് ഹന്നാ നീ കരയുന്നത് എന്തിന്? പത്തു മക്കളേക്കാൾ ഞാൻ നിനക്ക് നല്ലവനല്ലേ എന്നിങ്ങനെ പറയുമായിരുന്നു. എങ്കിലും ഹന്നയ്ക്ക് വളരെ സങ്കടമായിരുന്നു. ഒരു മകനെ ലഭിക്കുന്നതിന് അവൾ ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

ഒരിക്കൽ അവർ ദേവാലയത്തിൽ പോയപ്പോൾ ഹന്ന അകത്തുകടന്ന് വളരെ സങ്കടത്തോടെ ഒരു മകനു വേണ്ടി പ്രാർത്ഥിച്ചു. അവൾ വളരെ കരഞ്ഞു. എനിക്ക് ഒരു മകനെ

**ഫോക്കസ് / FOCUS**

**നാം ദൈവത്തോടു പ്രാർത്ഥിച്ചാൽ ദൈവം മറുപടി നൽകുമെന്നു വിശ്വസിക്കുക**

**Believe that God will give us an answer when we pray to Him**

## Lesson 31

# GOD ANSWERS PRAYER

**Scripture** : 1 Samuel 1-3

**Memory Verse** : Psalm 116:1

*But thanks be to God! He gives us the victory through our Lord Jesus Christ.*

During the time of judges in Israel, there was a man called Elkanah who lived in Ramathaim in the hill country of Ephraim. He had two wives, Hannah and Penninah. Penninah had children but Hannah did not have any. Penninah used to always irritate and provoke Hannah until she wept and would not eat. Elkanah used to comfort and take care of Hannah. He would say to her, “Hannah, why are you weeping? Why don’t you eat? Why you are down hearted? Don’t I mean more to you than ten sons?” But Hannah used to continue to remain sad. She continued to pray to God to give her a child.

Once when they went to the temple, Hannah wept and prayed to the Lord in bitterness of her soul for a son. She made a vow saying, “Oh Lord Almighty, if you will look upon you servant’s misery and remember me and give me a son then I will give him to you all the days of his life.”

As she kept on praying to the LORD, Eli observed her mouth. Hannah was praying in her

തന്നാൽ ഞാൻ അ വനെ അവിടുത്തെ വേല യ്ക്കായി നൽകും. അവൻ ദേവാലയത്തിൽ താമ സിച്ച് ശുശ്രൂഷിക്കും എന്നിങ്ങനെ അവൾ പതുക്കെ പറഞ്ഞു. അവൾ പ്രാർത്ഥിക്കുന്നത് ആ ദേവാലയത്തിലെ പുരോഹിതനായിരുന്ന ഏലി കണ്ടു. അവൾ വീഞ്ഞു കുടിച്ച് ലഹരി പിടിച്ചിരിക്കയാണെന്ന് ഏലി പുരോഹിതന് തോന്നുകയും അങ്ങനെ പറയുകയും ചെയ്തു. അതിന് ഹന്ന ഞാൻ വീഞ്ഞോ മദ്യമോ കുടി ച്ചിട്ടില്ല, യഹോവയുടെ സന്നിധിയിൽ ഹൃദയം പകരുകയത്രേ ചെയ്തത് എന്ന് മറുപടി പറ ഞ്ഞു, അപ്പോൾ നീ കഴിച്ച അപേക്ഷ ദൈവം നിനക്കു നല്കുമാറാകട്ടെ എന്ന് പുരോഹിതൻ പറഞ്ഞു. അവൾ ദൈവത്തിൽ വിശ്വസിച്ചു കൊണ്ട് സന്തോഷത്തോടെ മടങ്ങിപ്പോയി.

ദൈവം ഹന്നയുടെ പ്രാർത്ഥന കേട്ടു. ഏക ദേശം ഒരു വർഷം കഴിഞ്ഞപ്പോൾ ഹന്നയ്ക്ക് ഒരു ആൺകുട്ടി ജനിച്ചു. ഒരു ദിവസം ഹന്നയും എൽക്കാനയും ശമുവേൽ ബാലനും കൂടി ദൈ വാലയത്തിലേക്കു പുറപ്പെട്ടു. അവർ ശീലോ വിൽ ദൈവാലയത്തിൽ എത്തി ദൈവത്തെ ആരാധിച്ചു. അതിന് ശേഷം ശമുവേലിനെയും കൊണ്ട് പുരോഹിതന്റെ അടുക്കൽ ചെന്നു. ദൈ വത്തിന്റെ വേലയ്ക്കായി ശമുവേലിനെ ഏൽപി ക്കയും ചെയ്തു. അപ്പനും അമ്മയും അവനെ ചുംബിച്ചു യാത്ര പറഞ്ഞു. വയസ്സനും കാഴ്ച മങ്ങിയവനും ആയ ഏലി പുരോഹിതന്റെ കൂടെ ദൈവാലയത്തിൽ താമസിച്ച് അ വനെ ശുശ്രൂ ഷയിൽ സഹായിച്ചു കൊണ്ടിരുന്നു.

ഒരു രാത്രി ശമുവേൽ പതിവു പോലെ പ്രാർത്ഥിച്ച ശേഷം കിടന്നുറങ്ങി. കുറെ കഴിഞ്ഞ പ്പോൾ 'ശമുവേലെ' എന്ന് വിളിക്കുന്ന ശബ്ദം കേട്ടു. തന്നെ വിളിച്ചത് ഏലി പുരോഹിതനെന്ന് ചിന്തിച്ചു കൊണ്ട് അവൻ അദ്ദേഹത്തിന്റെ അടു ക്കൽ ഓടി എത്തി. അടിയൻ ഇതാ എന്നു പറ ഞ്ഞു. ഏലി അവനോട് ഞാൻ നിന്നെ വിളി ച്ചില്ല പോയി കിടന്നു കൊൾക എന്നു പറഞ്ഞു. ശമുവേൽ വീണ്ടും കിടന്നുറങ്ങി. അപ്പോൾ ശമുവേലേ എന്നു വിളിക്കുന്ന ശബ്ദം കേട്ടു ശമു വേൽ ഏലിയുടെ അടുത്തു ചെന്ന് അടിയൻ ഇതാ എന്നുപറഞ്ഞു. ഞാൻ നിന്നെ വിളിച്ചില്ല, പോയി കിടന്നു കൊൾക എന്നു പറഞ്ഞു. ഇതു

heart, and her lips were moving but her voice was not heard. Eli thought she was drunk and said to her, "How long are you going to stay drunk? Put away your wine." "Not so, my lord," Hannah replied, "I am a woman who is deeply troubled. I have not been drinking wine or beer; I was pouring out my soul to the LORD. Do not take your servant for a wicked woman; I have been praying here out of my great anguish and grief." Eli answered, "Go in peace, and may the God of Israel grant you what you have asked of him."

Then she went her way and ate something, and her face was no longer downcast. Early the next morning Elkanah and Hannah arose and worshiped before the LORD and then went back to their home at Ramah. The LORD remembered Hannah. So in the course of time Hannah became pregnant and gave birth to a son. She named him Samuel. After he was weaned, she took the boy with her, young as he was, and brought him to the house of the LORD at Shiloh.

One day Samuel was lying down in the house of the LORD, where the ark of God was. Then the LORD called Samuel. Samuel answered, "Here I am." And he ran to Eli and said, "Here I am; you called me." But Eli said, "I did not call; go back and lie down." So he went and lay down. Again the LORD called, "Samuel!" And Samuel got up and went to Eli and said, "Here I am; you called me." "My son," Eli said, "I did not call; go back and lie down." A third time the LORD called, "Samuel!" And Samuel got up and went to Eli and said, "Here I am; you called me." Eli realized that the LORD was calling the boy. 9 So Eli told Samuel, "Go and lie down, and if he calls you, say, 'Speak, LORD, for your servant is listening.'" So Samuel went and lay down in his place.

The LORD came and stood there, calling as at the other times, "Samuel! Samuel!" Then

പോലെ മൂന്നാം പ്രാവശ്യവും കേട്ടു, അപ്പോൾ ഏലി ശമുവേലിനോട് പോയി കിടന്നുകൊൾക, ഇനിയും നിന്നെ വിളിച്ചാൽ യഹോവേ അരുളി ചെയ്യേണമേ അടിയൻ കേൾക്കുന്നു എന്നു പറയണം എന്ന് ഉപദേശിച്ചു. അങ്ങനെ ശമുവേൽ തന്റെ കിടക്കയിൽ ചെന്നു കിടന്നു. അപ്പോൾ യഹോവ അവനെ ശമുവേലെ, ശമുവേലെ എന്നു വിളിച്ചു. അതിന്നു ശമുവേൽ യഹോവേ അരുളി ചെയ്യേണമെ അടിയൻ കേൾക്കുന്നു എന്നു പറഞ്ഞു. ( 1 ശമു. 3:9,10) അപ്പോൾ ദൈവം ശമുവേലിനോടു സംസാരിക്കുകയും യിസ്രയേലിന്റെ ഭാവിയെ സംബന്ധിക്കുന്ന ചില രഹസ്യങ്ങൾ അവനെ അറിയിക്കുകയും ചെയ്തു.

നാം പ്രാർഥനയിൽ ദൈവത്തോടു സംസാരിക്കണം. ഈ ശമുവേൽ പിന്നിട് യിസ്രായേൽ മക്കളുടെ നടത്തിപ്പുകാരനും, ന്യായാധിപനും ആയി വളരെക്കാലം ദൈവത്തെ സേവിച്ചു. ശൗൽ, ദാവീദ് എന്നീ രാജാക്കന്മാരെ വാഴിക്കുന്നതിനും ദൈവം അദ്ദേഹത്തെ ഉപയോഗിച്ചിരുന്നു. എത്ര ശ്രേഷ്ടമായ പദവിയാണ് അവന് ലഭിച്ചത്. ഇതിനെല്ലാം കാരണം അവന്റെ അമ്മയായ ഹന്നയുടെ പ്രാർത്ഥനയായിരുന്നു. പ്രാർത്ഥന കേൾക്കുന്ന നമ്മുടെ പിതാവാണ് ദൈവം. എല്ലാ അവസരങ്ങളിലും ദൈവത്തോടു പ്രാർത്ഥിക്കുന്ന അനുഭവം നിങ്ങൾക്കുണ്ടോ? നാം വിശ്വാസത്തോടെ പ്രാർത്ഥിക്കുമെങ്കിൽ ദൈവം നമ്മെയും നാം ആർക്കു വേണ്ടി പ്രാർത്ഥിക്കുന്നുവോ

Samuel said, "Speak, for your servant is listening." (1 Sam. 3:9-10). God spoke to Samuel and told him about the future of Israel. The LORD was with Samuel as he grew up, and he let none of Samuel's words fall to the ground. And all Israel from Dan to Beersheba recognized that Samuel was attested as a prophet of the LORD. The LORD continued to appear at Shiloh, and there he revealed himself to Samuel through his word.

We must talk to God in prayer. Samuel served God for many long years as a judge and a prophet. God used him to anoint Saul and David as kings. God exalted Samuel in Israel because he had a praying mother. Are you praying to God in every circumstance? If we pray in faith,

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം /
*Write your notes here*

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. ഹന്നാ ദൈവാലയത്തിൽ ചെന്നു പ്രാർഥിച്ചു. പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചു. Hannah went to the temple to pray. God answered her prayer.
2. ശമുവേൽ ബാലനെ ദൈവം ആദ്യം വിളിച്ചപ്പോൾ അവൻ എന്തു ചെയ്തു? പിന്നീടുള്ള വിളികളെ പ്രതികരിച്ചതെങ്ങനെ? What did Samuel do when God called him first ? How did he respond for the following calls of God?
3. നിങ്ങൾക്കു പ്രാർഥനയിൽ മറുപടി ലഭിച്ച എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടോ? ദൈവം നമ്മോടു സംസാരിക്കുമോ ? എങ്ങനെ ? Do you have the experience of God answering your prayers? Does God speak to us ? How ?.

**II** 1. ഹന്നാ ദൈവാലയത്തിൽ ചെന്നു പ്രാർഥിച്ചു. പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചു. Hannah went to the temple to pray. God answered her prayer.

2. ശമുവേൽ ബാലനെ ദൈവം ആദ്യം വിളിച്ചപ്പോൾ അവൻ എന്തു ചെയ്തു? പിന്നീടുള്ള വിളികളെ പ്രതികരിച്ചതെങ്ങനെ? What did Samuel do when God called him first ? How did he respond for the following calls of God?

3. നിങ്ങൾക്കു പ്രാർഥനയിൽ മറുപടി ലഭിച്ച എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടോ? ദൈവം നമ്മോടു സംസാരിക്കുമോ ? എങ്ങനെ ? Do you have the experience of God answering your prayers? Does God speak to us ? How ?.

**III** ശമുവേലിനു ലഭിച്ച ദൈവവിളിയും തന്റെ മറുപടിയും എഴുതുക.
Write about God calling Samuel and his response to the call

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

